# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/233/2016 **പത്രക്കുറിപ്പ്** 2016 നവംബർ 1

## പ്രാക്ടിക്കൽ പരീക്ഷ

രണ്ടാം സെമസ്റ്റർ എം.എസ്.സി ഹോം സയൻസ് (സി.എസ്.എസ് – റഗുലർ) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 3 മുതൽ അതത് കോളജുകളിൽ നടത്തും.

## പരീക്ഷാ ഫലം

2016 ജൂലൈ മാസം നടത്തിയ നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 15 വരെ സ്വീകരിക്കും.

2016 ജനുവരി മാസം നടത്തിയ മൂന്നാം പ്രൊഫഷണൽ എം.ബി.ബി.എസ് പാർട്ട് രണ്ട് (സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം കോടതിയുടെ അന്തിമവിധിക്ക് വിധേയമായി താൽക്കാലികമായി പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് ഉള്ള അപേക്ഷകൾ നവംബർ 10 വരെ സ്വീകരിക്കും.

## എം.എസ്.സി ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ സ്പോട്ട് അഡ്മിഷൻ

പത്തനംതിട്ട സ്കൂൾ ഓഫ് അപ്ലൈഡ് ലൈഫ് സയൻസിൽ എം.എസ്.സി ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ കോഴ്സിലേക്ക് ഒഴിവുള്ള സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ നടത്തും. ഫോൺ 0468–2323957, 9446705344.

## യു.ജി.സി–നെറ്റ്/ജെ.ആർ.എഫ് പരീക്ഷാ പരിശീലനം

എം.ജി സർവ്വകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ യു.ജി.സി നടത്തുന്ന മാനവിക വിഷയങ്ങൾക്കുള്ള നെറ്റ്/ജെ.ആർ.എഫ് പരീക്ഷയുടെ ജനറൽ പേപ്പറിന് വേണ്ടിയുള്ള പരിശീലനം ആരംഭിക്കുന്നു. സർവ്വകലശാല കാമ്പസിൽ വച്ച് അവധി ദിവസങ്ങളിലായി നടത്തുന്ന പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ കോഴ്സ് ഫീസായ 2000 രൂപ അടച്ച് പേര് രജിസ്റ്റർ ചെയ്യണം. പട്ടികജാതി/പട്ടികവർഗ്ഗ/വികലാംഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 50 ശതമാനം ഫീസിളവ് ലഭിക്കും. ഫോൺ 0481–2731025.

## ബെസ്റ്റ് കോളജ് മാഗസിൻ 2015–16 മത്സരം

എം.ജി സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ 2015–16 അദ്ധ്യയന വർഷത്തിൽ പ്രസിദ്ധീകരിച്ച ഏറ്റവും മികച്ച കോളജ് മാഗസിനുകൾ തെരഞ്ഞെടുക്കുന്നതിനായി ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ്സ് സർവ്വീസസിന്റെ ആഭിമുഖ്യത്തിൽ മത്സരം സംഘടിപ്പിക്കുന്നു. രണ്ട് പ്രോത്സാഹന സമ്മാനങ്ങൾ ഉൾപ്പെടെ ഏറ്റവും മികച്ച അഞ്ച് കോളജ് മാഗസിനുകൾക്ക് ക്യാഷ് അവാർഡും ട്രോഫിയും കൂടാതെ മാഗസിൻ എഡിറ്റർ, സ്റ്റാഫ് എഡിറ്റർ എന്നിവർക്ക് സർട്ടിഫിക്കറ്റും സമ്മാനിക്കും.

ഒന്നാം സമ്മാനം 10000 രൂപയും, രണ്ടാം സമ്മാനം 7500 രൂപയും, മൂന്നാം സമ്മാനം 5000 രൂപയും കൂടാതെ 2500 രൂപ വീതം രണ്ട് പ്രോത്സാഹനസമ്മാനങ്ങളും ഉണ്ട്. മത്സരത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള മാഗസിൻ എഡിറ്റർമാർ 2015–16 അദ്ധ്യയന വർഷത്തെ കോളജ് മാഗസിൻ മൂന്ന് കോപ്പികൾ പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം സഹിതം ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ്സ് സർവ്വീസസിൽ നവംബർ 30ന് മുൻപ് സമർപ്പിക്കണം.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)